# മഹാമുനിമംഗലം ശ്രീ മഹാവിഷ്ണു ക്ഷേത്രം

നെല്ലായി പി.ഒ., തൃശ്ശൂർ ജില്ല
ഫോൺ : 9995138111
E-mail : mmtacnellayi@yahoo.co.in
Web : www.mahamunimangalamtemple.com



# തിരുവുത്സവം

2026 ജനുവരി 30 (1201 മകരം 16) വെള്ളിയാഴ്ച-തിരുവാതിര മുതൽ
2026 ഫെബ്രുവരി 05 (1201 മകരം 22) വ്യാഴാഴ്ച-ഉത്രം വരെ







ഭക്തജനങ്ങളേ, നാട്ടുകാരേ

നെല്ലായി മഹാമുനിമംഗലം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ 1201 (2026)-ാം ആണ്ടിലെ തിരുവുത്സവം **1201 മകരം 16 (2026 ജനുവരി 30) വെള്ളിയാഴ്ച തിരുവാതിര നക്ഷത്രത്തിൽ ശുദ്ധികലശത്തോടുകൂടി ആരംഭിച്ച് 1201 മകരം 22 (2026 ഫെബ്രുവരി 05) വ്യാഴാഴ്ച ഉത്രം നക്ഷത്രത്തിൽ മഹാമുനിമംഗലം ക്ഷേത്രക്കടവിലെ ആറാട്ടോടുകൂടി** പര്യവസാനിക്കുന്നതാണ്. ഈ വർഷം ക്ഷേത്രത്തിലെ മണ്ഡപം, നാലമ്പലം തുടങ്ങിയവ ഇളക്കി മേഞ്ഞ് കേടുപാടുകൾ തീർക്കുകയും 25 വർഷത്തിലധികം പഴക്കമുള്ള കേടായ പല നിർമ്മാണങ്ങളും പുതുക്കി പണിയുന്നതനുമായി വളരെ ഭാരിച്ച തുക വേണ്ടി വരുന്നതിനാൽ ക്ഷേത്രാചാരങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് ദേവചൈതന്യം വർദ്ധിപ്പിക്കുന്ന വിധത്തിലും ക്ഷേത്രവുമായി ബന്ധപ്പെട്ട് ചെറിയ കലാപരിപാടികൾ നടത്തുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന് തന്നെ 8 ലക്ഷത്തിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഭക്തജനങ്ങളിൽ നിന്നും നാട്ടുകാരിൽ നിന്നും വിവിധ തരത്തിലുള്ള വഴിപാടുകളും സാമ്പത്തിക സാന്നിദ്ധ്യ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചു കൊള്ളുന്നു.

നെല്ലായി,
20-12-2025

കൺവീനർ
ഉത്സവാഘോഷക്കമ്മിറ്റി



# തിരുവുത്സവം 2026

## പ്രത്യേക ശ്രദ്ധക്ക്

1. ഉത്സവനാളുകളിൽ എല്ലാ ദിവസവും ക്ഷേത്രത്തിലെ ശ്രീകോവിലുകളിൽ (മഹാവിഷ്ണു, ശിവൻ, പാർവ്വതി, ഗണപതി, ശാസ്താവ്, രക്ഷസ്സ്) സമ്പൂർണ്ണ നെയ് വിളക്ക് തെളിയിക്കുന്നതാണ്.
2. ഉത്സവനാളുകളിൽ വൈകീട്ട് ചുറ്റുവിളക്ക് ഉണ്ടായിരിക്കുന്നതാണ്. ദീപങ്ങൾ ഒരുക്കുന്നതിനും തെളിയിക്കുന്നതിനും എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.
3. പള്ളിവേട്ട നാളിൽ ക്ഷേത്രത്തിന്റെ മുൻവശത്തെ വഴിയിൽ അമ്പലത്തിന്റെ ഗേറ്റ് മുതൽ പള്ളിവേട്ട ആൽവരെ നിലവിളക്കുകൾ തെളിയിക്കുന്നതാണ്.
4. ഉത്സവനാളുകളിലെ പ്രസാദ ഊട്ടും ആറാട്ടു നാളിലെ അന്നദാനവും വഴിപാടായി സമർപ്പിക്കാവുന്നതാണ്.
5. ഉത്സവ നടത്തിപ്പിനായി നെയ്യ്, എണ്ണ, ഉണക്കലരി, നാളികേരം, ശർക്കര, പാൽ, പഞ്ചസാര, കദളിപ്പഴം, പച്ചക്കറികൾ, പൂക്കൾ എന്നിവ വഴിപാടായി സമർപ്പിക്കാവുന്നതാണ്
6. ക്ഷേത്രത്തിൽ അലങ്കാരമാലകൾ വഴിപാടായി സമർപ്പിക്കാവുന്നതാണ്.
7. ഉത്സവനാളുകളിൽ എല്ലാദിവസവും ശ്രീഭൂതബലി ഉണ്ടായിരിക്കുന്നതാണ്, രാവിലെയും വൈകീട്ടും ഭഗവാൻ മതിൽക്കകത്ത് എഴുന്നള്ളുന്നതാണ്.
8. യോഗീശ്വരപൂജ, ഉത്സവബലി (ഒറ്റക്കോ ഒന്നിലധികം പേർ ചേർന്നോ) വഴിപാട് സമർപ്പിക്കാവുന്നതാണ്.
9. പരിപാടികളിൽ വേണ്ടതായ മാറ്റം വരുത്തുന്നതിനായി കമ്മറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. മഹാവിഷ്ണുവിന് ഏറെ പ്രിയപ്പെട്ട വഴിപാടാണ്– തുളസിപ്പറ, സമൃദ്ധിക്കും ഐശ്വര്യത്തിനും–നെൽപറ, രോഗശാന്തിക്കും, ആരോഗ്യത്തിനും–മലർപറ, ധനധാന്യ വർദ്ധനവിന് – അവിൽപറ, ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് – അവിൽപറ, ധനസമൃദ്ധിക്ക് – നാണയപറ, എന്നിവ സമർപ്പിക്കാവുന്നതാണ്.



# ഉത്സവനാളുകളിലെ വിവിധ വഴിപാട് നിരക്കുകൾ

| | | |
|---|---|---|
| 1. | സമ്പൂർണ്ണ നെയ്യ് വിളക്ക് (മഹാവിഷ്ണു) | 2500 രൂപ |
| 2. | സമ്പൂർണ്ണ നെയ്യ് വിളക്ക് (ശാസ്താവ്) | 1000 രൂപ |
| 3. | സമ്പൂർണ്ണ നെയ്യ് വിളക്ക് (ശിവൻ, പാർവ്വതി, ഗണപതി) | 1000 രൂപ |
| 4. | സമ്പൂർണ്ണ നെയ്യ് വിളക്ക് (ബ്രഹ്മരക്ഷസ്സ്) | 750 രൂപ |
| 5. | ചുറ്റുവിളക്ക് | 7500 രൂപ |
| 6. | നിറമാല (1 വശം മാത്രം) | 1250 രൂപ |
| 7. | നിറമാല ദീപസ്തംഭം | 600 രൂപ |
| 8. | അന്നദാനം (ആറാട്ട്) | 15,000 രൂപ |
| 9. | പ്രസാദ ഊട്ട് (സാധാരണ ദിവസം) | 10,000 രൂപ |
| 10. | 1 ടിൻ നെയ്യ് | 3000 രൂപ |
| 11. | 1 ടിൻ എണ്ണ | 2500 രൂപ |
| 12. | പൂക്കളും മാലകളും (1 ദിവസം) | 3000 രൂപ |
| 13. | നാണയപ്പറ | 500 രൂപ |
| 14. | നെൽപ്പറ | 150 രൂപ |
| 15. | അരിപ്പറ | 100 രൂപ |
| 16. | തുളസിപ്പറ | 60 രൂപ |
| 17. | അവിൽപ്പറ | 80 രൂപ |
| 18. | മലർപ്പറ | 60 രൂപ |
| 19. | മുപ്പറ (നാണയം ഒഴികെ) | 300 രൂപ |
| 20. | അയ്മ്പറ (നാണയം ഒഴികെ) | 500 രൂപ |
| 21. | 1 ചാക്ക് അരി | 2500 രൂപ |
| 22. | 10 കിലോ അരി | 500 രൂപ |
| 23. | പള്ളിവേട്ട നാളിൽ ആനചമയം | 3000 രൂപ |
| 24. | പള്ളിവേട്ട കോലത്തിന്മേൽ മാല | 1000 രൂപ |



വഴിപാടുകൾ മുൻകൂട്ടി ബുക്ക് ചെയ്യുവാൻ വിളിക്കേണ്ട നമ്പർ: 99951 38111, 90743 64094, 94952 25710



1201 മകരം 17) 2026 ജനുവരി 30 വെള്ളിയാഴ്ച തിരുവാതിര

രാവിലെ 8.30 മുതൽ : കലവറ നിറയ്ക്കൽ

ഉത്സവത്തിന് ആവശ്യമായ വിവിധ സാധനങ്ങളുടെ സമർപ്പണം

വൈകിട്ട് 05:00 : ശുദ്ധികലശ ചടങ്ങുകൾ

1201 മകരം 18 (2026 ജനുവരി 31) ശനിയാഴ്ച പുണർതം



രാവിലെ 09:15ന് : യോഗീശ്വര പൂജ

രാത്രി 07:00ന് : കൊടിയേറ്റം

രാത്രി 07:45ന് : കോലാട്ടം

ശ്രീകൃഷ്ണപുരം കോലാട്ടസംഘം, രാപ്പാൾ

രാത്രി 08:15ന് : ഡാൻസ് പ്രോഗ്രാം

സ്റ്റുഡൻസ് ഓഫ് പ്രീതി കാലാക്ഷേത്ര

നൃത്താഞ്ജലി സ്കൂൾ ഓഫ് ഡാൻസ്, ചെന്നൈ




1201 മകരം 19(2026 ഫെബ്രുവരി 01)) ഞായർ പൂയം

രാവിലെ 07:00ന് : ഉത്സവ ബലി ചടങ്ങുകൾ ആരംഭം

ഉത്സവബലി പാണി : വയലൂർ ഉണ്ണിമാരാർ

രാവിലെ 09.30ന് : മാതൃക്കൽ ദർശനം, പറനിറയ്ക്കൽ.

ഉത്സവബലി

സമർപ്പണം : രാധനാരായണൻ, മുംബൈ

ഉച്ചയ്ക്ക് 12:30ന് : അന്നദാനം

സമർപ്പണം : തിരു പഴനി അന്നദാന സംഘം , കോഴിക്കോട് യൂണിറ്റ്

രാത്രി 07:ന് : നൃത്ത സന്ധ്യ

അവതരണം : നെല്ലായി നൃത്താഞ്ജലി

സംവിധാനം സുനിൽ നെല്ലായി





1201 മകരം 20) 2026 ഫെബ്രുവരി 02 തിങ്കൾ ആയില്യം

വൈകിട്ട് 06:00 ന് : സംഗീതാർച്ചന ശ്രീദേവി വൈലൂർ & ടീം

06:50ന് : തായമ്പക – അദ്വൈത് പി മാരാർ,

S/o കേളത്ത് സുന്ദരൻ മാരാർ

07:50ന് : തിരുവാതിരക്കളി

അവതരണം : നെല്ലായി മഹാമുനിമംഗലം വനിതാ സമിതി

08:20ന് : തിരുവാതിരക്കളി

അവതരണം : വയലൂർ ടീം





1201 മകരം 20 (2026 ഫെബ്രുവരി 03) ചൊവ്വ മകം





| | |
|---|---|
| വൈകുന്നേരം 06:50ന് | : സംഗീതാർച്ചന |
| അവതരണം | : നെല്ലായി സോപാനം രുദ്ര പ്രിയ ടീം |
| രാത്രി 07:45ന് | : തിരുവാതിരക്കളി |
| അവതരണം | : വിഷ്ണു ദേവി സമിതി കൊളത്തൂർ |
| 08:15 ന് | : ഡാൻസ് |
| അവതരണം | : ഗൗരി ആൻഡ് ടീം |

1201 മകരം 21 (2026 ഫെബ്രുവരി 04) ബുധൻ പൂരം

| | |
|---|---|
| രാവിലെ 09:00ന് | : കാഴ്ച ശിവേലി |
| 10.00 | : പഞ്ചാരിമേളം (പെരുവനം പ്രകാശൻ മാരാർ & പാർട്ടി) |
| വൈകുന്നേരം 5:50 | : ദീപ കാഴ്ച (ക്ഷേത്രത്തിന്റെ മുൻവശത്ത് നിന്നും പള്ളിവേട്ട ആൽ വരെ നിലവിളക്കുകൾ കൊളുത്തി വയ്ക്കൽ) |
| രാത്രി 07:00 ന് | : ഭക്തിഗാനങ്ങൾ – അരുൺ ചില്ലായിൽ ആൻഡ് ടീം |
| 08:30 ന് | : പള്ളിവേട്ട എഴുന്നള്ളിപ്പ് |
| രാത്രി 09:45ന് | : പഞ്ചവാദ്യം – കലാമണ്ഡലം മോഹനൻ മാരാർ & പാർട്ടി |
| 11:15ന് | : പാണ്ടിമേളം |

പള്ളിവേട്ട നാളിലെ ഉത്സവചടങ്ങുകൾ സമർപ്പിക്കുന്നത്
നെല്ലായി മഹാമുനിമംഗലം ക്ഷേത്രവനിതാസമിതി



1201 22 (2026 ഫെബ്രുവരി 05) വ്യാഴം ഉത്രം

| | |
|---|---|
| രാവിലെ 09:00 ന് | : ആറാട്ടിന് എഴുന്നള്ളിപ്പ് |
| തുടർന്ന് | : മഹാമുനിമംഗലം ക്ഷേത്രക്കടവിൽ ആറാട്ട് |
| രാവിലെ 10.30 ന് | : കൊടിക്കൽ പറ |
| തുടർന്ന് | : കൊടിയിറക്കൽ, ആറാട്ട് ബലി |
| ഉച്ചയ്ക്ക് 12:30ന് | : പ്രസാദഊട്ട് |

അന്നദാനം & പന്തീരാഴി :
ഐശ്വര്യ & അരുൺ ലക്ഷ്മിപ്രിയ, നെല്ലായി



സമാപ്തം



ഓം ശ്രീ മഹാവിഷ്ണുവേ നമ :

"ഉദ്ഭൂതസ്തു സവോ യസ്മാത്
തസ്മാദുത്സവ ഉച്യതേ സവഃ
കല്യാണമിത്യുക്തം സർവ്വലോകഹിതാവഹം"

ഗ്രാമത്തിന്നു മുഴുവൻ ശ്രേയസ്കരമാണ് ഉത്സവം.
ഗ്രാമജനങ്ങൾ മുഴുവൻ ഉത്സവത്തിൽ
ഒരുതരത്തിലല്ലെങ്കിൽ
മറ്റൊരു തരത്തിൽ ഭാഗഭാക്കാകേണ്ടത് അത്യാവശ്യമാണ്.
ഗ്രാമത്തിന്റെ സർവ്വതോമുഖമായ
അഭിവൃദ്ധിയ്ക്ക് ദേവന്റേയും
പരിവാരദേവതകളുടേയും
അനുഗ്രഹാശിസ്സുകൾ വർഷംതോറും
ഉത്സവം അനുഷ്ഠിച്ചാലുണ്ടാകുന്നതാണ്.
ഇത്രയും പ്രാധാന്യമർഹിക്കുന്ന
ഉത്സവം ഓരോക്ഷേത്രങ്ങളിലും
വർഷാവർഷം കഴിവുപോലെ നിർവ്വഹിക്കണം.

For UPI Payments
UPI Id mahamuni24@fbl
For Scanning :-

mahamuni24@fbl

For A/C Transfers:-
SB A/C No 12440100029671 IFSC Code FDRL0001244
MAHAMUNIMANGALAM KSHETHRAM SAMRAKSHANA SAMITHY NELLAYI
in Federal Bank Limited Nellayi 680305
OR
SB A/C No 855410210000123
IFSC Code BKID0008554
Mahamunimangalam Kshethra Samrakshana Samithy Nellayi
in Bank Of India Nandikkara - 680301
Cheques/DDs can be drawn in favor of
MAHAMUNIMANGALAM KSHETHRAM SAMRAKSHANA SAMITHY NELLAYI
in Federal Bank Limited Nellayi 680305
OR
Mahamunimangalam Kshethra Samrakshana Samithy Nellayi
held in Bank of India Nandikkara

## ശ്രീമദ് ഭാഗവത സപ്താഹയജ്ഞവും മംഗല്യ സിദ്ധിയും

വൈശാഖ മാസത്തിൽ ക്ഷേത്രത്തിൽ നടന്നു വരുന്ന ശ്രീമദ് ഭാഗവതസപ്താഹയജ്ഞത്തിന് രുഗ്മിണി വേഷം കെട്ടിയ കന്യകകൾക്കും, ഡ്രസ്സുകൾ സമർപ്പിക്കുന്ന യുവാക്കൾക്കും അടുത്ത വർഷത്തെ ഭാഗവത സപ്താഹ യജ്ഞത്തിന് മുൻപ് മാംഗല്യസിദ്ധി ലഭിച്ചതായി കണ്ടുവരുന്നു.

## സ്വയംവരപൂജ, ഉമാമഹേശ്വരപൂജ

യുവതീയുവാക്കൾക്ക് സ്വയംവരം (മാംഗല്യം) തടസ്സം കൂടാതെയും വേഗത്തിലും നടന്നു വരുന്നതിനായി ക്ഷേത്രത്തിനകത്തെ ഉപദേവന്മാരുടെ (ശിവൻ, പാർവ്വതി, ഗണപതി) കോവിലിൽ സ്വയംവര പൂജയും, സന്തുഷ്ടവും ക്ഷേമാഭിവൃദ്ധി പ്രദായകവുമായ കുടുംബ ജീവിതത്തിന് വിവാഹിതരായവർ ഉമാമഹേശ്വരപൂജയും നടത്തി വരുന്നു.

## പാൽപായസം

ഉദ്ദിഷ്ടകാര്യസിദ്ധിക്ക് പ്രത്യേകിച്ച് സന്താന സൗഭാഗ്യത്തിനായി ഉണ്ണിക്കണ്ണനായ മഹാവിഷ്ണുവിന് പാൽ പായസം നടത്തിവരികയും സന്താന ലബ്ദിക്കുശേഷം ചോറൂണും ക്ഷേത്രത്തിൽ നടത്തിവരുന്നു.

## അന്നദാനം/പ്രസാദ ഊട്ട്

ക്ഷേത്രത്തിൽ തിരുവോണം നാളിൽ നടന്നു വരുന്ന പ്രസാദഊട്ട്, വിശേഷാൽ നാളുകളിൽ നടന്നു വരുന്ന അന്നദാനം ഇവ വഴിപാടായോ ഇവയിലേക്ക് കഴിയാവുന്ന തുകയോ പാൽപായസമോ വഴിപാടായി സമർപ്പിക്കാവുന്നതാണ്.

## പാൽപായസം, അപ്പം നിവേദ്യം

മലയാളമാസം ആദ്യ വ്യാഴാഴ്ച നടന്നുവരുന്ന അപ്പം നിവേദ്യം, തിരുവോണനാളിൽ നടന്നു വരുന്ന പാൽ പായസം നിവേദ്യം എന്നിവ മാസംതോറും മുൻകൂറായും 3 മാസം, 6 മാസം, 1 വർഷം എന്ന കണക്കിലും ബുക്ക് ചെയ്യാവുന്നതാണ്.

## നിറമാല, ചുറ്റുവിളക്ക്

ക്ഷേത്രത്തിൽ നവരാത്രി നാളുകളിലും ശബരിമല മണ്ഡലക്കാലം (41 ദിവസം) ശാസ്താവിനും നിറമാല വഴി പാടായി സമർപ്പിക്കാവുന്നതാണ്.

## സമ്പൂർണ്ണ നെയ്യ് വിളക്ക്

ക്ഷേത്രത്തിൽ എല്ലാ മലയാളമാസം 1-ാം തിയ്യതി, ആദ്യ വ്യാഴാഴ്ച, തിരുവോണ നാളുകളിൽ സമ്പൂർണ്ണ നെയ്യ് വിളക്ക് സമർപ്പിക്കാവുന്നതാണ്.

## ദ്വാദശി പണം സമർപ്പണം

ക്ഷേത്രത്തിലെ യോഗീശ്വര സ്വരൂപനായ ബ്രഹ്മരക്ഷസ്സിനെ ദ്വാദശി നാളിൽ പ്രത്യേകിച്ച് വൃശ്ചിക മാസത്തിലെ ഗുരുവായൂർ, (മോക്ഷം / വൈകുണ്ഡം) ഏകാദശി, തൃപ്രയാർ ഏകാദശി, ധനുമാസത്തിലെ നെല്ലുവായ് (സ്വർഗ്ഗവാതിൽ) ഏകാദശി, കുംഭമാസത്തിലെ തിരുവില്ല്വാമല ഏകാദശി, മീനമാസത്തിലെ വൈഷ്ണ ഏകാദശി, കർക്കിടകമാസത്തിലെ ആഷാഡ ഏകാദശികൾക്ക് ശേഷം പിറ്റേദിവസം വരുന്ന ദ്വാദശി നാളിൽ പണം (വെറ്റില, അടക്ക, നാണയം & നാണയം മാത്രം,) സമർപ്പണം നടന്നു വരുന്നു. വർഷത്തിലൊരിക്കൽ കൊടിയേറ്റം ദിവസം രാവിലെ വിശേഷാൽ യോഗീശ്വര പൂജയും നടന്നുവരുന്നു.

## തൃക്കാർത്തിക നിറമാല

വൃശ്ചിക മാസത്തിലെ കാർത്തിക നാളിൽ ക്ഷേത്രത്തിൽ നടന്നുവരുന്ന നിറമാലയ്ക്ക് നൂറിലധികം വർഷങ്ങളുടെ പഴക്കം ഉണ്ടെന്നാണ് പഴമക്കാർ പറയുന്നത്.

## ക്ഷേത്രത്തിലെ വിവിധ വിശേഷങ്ങൾ

ചിങ്ങം : തിരുവോണം, അഷ്ടമി രോഹിണി, വിനായക ചതുർത്ഥി

കന്നി : നവരാത്രി

തുലാം : ദീപാവലി, തുലാവാവ് നാളിലെ പിതൃബലി

വൃശ്ചികം : മണ്ഡല മാസാചരണം, കാർത്തിക

ധനു : കുചേലദിനം, ശാസ്താവിന് അഷ്ടാഭിഷേകം

മകരം : തിരുവുത്സവം

കുംഭം : 28 ഉച്ചാൽ നാളിൽ തൂപ്പങ്കാവ് ഭഗവതിയുടെ വരവ്

ശിവരാത്രി ബലി

വൈലൂർ ശിവക്ഷേത്രത്തിലെ ആറാട്ടും ഇറക്കി പൂജയും

മീനം : ചിത്തിര നാളിൽ പ്രതിഷ്ഠാദിനം

മേടം : വിഷു

കർക്കിടകം : കർക്കിടക വാവുബലി

മഹാഗണപതിഹോമം, മഹാമൃത്യുഞ്ജയ ഹോമം, മഹാതിലഹോമം, മഹാസൂക്തഹോമം

## ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. ഊട്ടുപുര പുതുക്കിപണിയുക
2. ക്ഷേത്രത്തിന് ചുറ്റും പ്രദക്ഷിണവഴിക്കുള്ളിൽ Interlock കല്ലു വിരിക്കുക
3. അമ്പലത്തിന്റെ മുൻവശത്തെ വഴിയിൽ ഇന്റർലോക്ക് കട്ടവിരിക്കുക
4. ഓഫീസ് റൂമും കൗണ്ടറും പുതുക്കിപണിയുക
5. സ്റ്റേജ് ഓഡിറ്റോറിയം പുതുക്കി പണിയുക

**ഈ വർഷത്തെ പ്രതിഷ്ഠാദിനം 2026 ഏപ്രിൽ 03 (1201 മീനം 20) ചിത്തിര നക്ഷത്രത്തിൽ വെള്ളിയാഴ്ചയാണ്. ഇതോടനുബന്ധിച്ച് മുറജപം, ദ്രവ്യ കലശം എന്നിവയും നടക്കുന്നതാണ്.**

## ക്ഷേത്രത്തിലെ ഐതിഹ്യം

നന്ദിനിയാറിന്റെ, (കുറുമാലിപ്പുഴയുടെ) തീരത്ത് മഹാമുനി മാരാൽ പ്രതിഷ്ഠ നടത്തിയ നെല്ലായി മഹാമുനി മംഗലം ശ്രീ മഹാവിക്ഷേത്രവും വയലൂർ മഹാദേവ ക്ഷേത്രവും തമ്മിൽ അഭേദ്യമായ ബന്ധമാനുള്ളത്. ശ്രീ പാർവതി ദേവിയുടെ സാന്നിധ്യം ഉള്ള ഈ ക്ഷേത്രത്തിൽ പാർവതി ദേവിയുടെ ക്ഷേമാന്വേഷണത്തിനായി വർഷത്തിലൊരിക്കൽ വയലൂർ ആറാട്ട് ദിവസം മഹാദേവൻ നെല്ലായി മഹാമുന്നിമംഗലം ശ്രീ മഹാവിക്ഷേത്രത്തിൽ വരികയും മറ്റൊരു ക്ഷേത്രത്തിലും ഇല്ലാത്ത ഇറക്കി പൂജയും നൈവേദ്യ സ്വീകരണവും നടന്നുവരുന്നു. വയലൂർ ശിവക്ഷേത്ര ദർശനം സമ്പൂർണ്ണമാകണമെങ്കിൽ നെല്ലായി മഹാമുനിമംഗലം മഹാവിഷ് ക്ഷേത്രവും ദർശനം നടത്തണമെന്ന് പഴമക്കാർ നിഷ്കർഷിച്ചിരുന്നു.